MD NICHE
MEDIA CONSULTANTS

**MADHYAMAM**

**Kerala Tourism wins award**

Date: **30-04-2012** | Edition: **All Kerala** | Page No: **10** | Clip size (cm) - W: **12** H: **5**

# കേരള ടൂറിസത്തിന് അവാർഡ്

തിരുവനന്തപുരം: ആഗോള ബ്രാൻറുകൾ പങ്കെടുക്കുന്ന പ്രേഗ് ഇൻററർനാഷനൽ അഡ്വർടൈസിങ് ഫെസ്റ്റിവലിൻെറ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരള ടൂറിസത്തിന് വെങ്കല മെഡൽ. യുവർ മൊമെൻറ് ഈസ് വെയ്റ്റിങ് എന്ന കേരള ടൂറിസം പ്രചാരണ പരിപാടിയുടെ അച്ചടി കോപ്പിക്കാണ് പിയാഫ് അംഗീകാരം ലഭിച്ചത്.

പിയാഫിൽ മെഡൽ ലഭിച്ചത് അഭൂതപൂർവമായ ബഹുമതിയാണെന്നും ബ്രാൻറ് മാനേജ്മെൻറിലും കൃത്യമായ വിപണന തന്ത്രത്തിലും കേരള ടൂറിസം നടത്തുന്ന അത്യധ്വാനത്തിന് ലഭിച്ച അംഗീകാരമാണെന്നും ടൂറിസം മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു. കേരളമെന്ന ബ്രാൻറ് ലോക ടൂറിസം, സർക്യൂട്ടിൽ പ്രചരിപ്പിക്കാൻ ആഗോളാടിസ്ഥാനത്തിൽ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള മറ്റൊരു വലിയ അംഗീകാരമാണ് പ്രേഗിൽ ലഭിച്ചതെന്ന് കേരള ടൂറിസം ഡയറക്ടർ റാണി ജോർജ് വ്യക്തമാക്കി.

സ്റ്റാർക്ക് കമ്യൂണിക്കേഷൻസിൻെറ സാക്ഷാത്കാരത്തിൽ ഫോട്ടോഗ്രാഫർ പ്രബുദ്ധ ദാസ് ഗുപ്തയാണ് യുവർ മൊമെൻറ് ഈസ് വെയ്റ്റിങ്ങിൻെറ അച്ചടി വിഭാഗത്തിലെ പ്രചാരണ പരിപാടികൾ കാമറയിലാക്കിയത്. ഫോട്ടോഗ്രഫിക്കും കലാസംവിധാനത്തിനും കൊച്ചി അഡ്വർടൈസിങ് ക്ലബിൻെറ 2012ലെ രണ്ട് പെപ്പർ അവാർഡുകൾ അച്ചടി പരസ്യങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.